# ആത്മീക യുദ്ധം

## എഫെസ്യർ 6:12

“നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.”

ആത്മീകജീവിതത്തിന്റെ മുന്നേറ്റത്തിനായി പരിശ്രമിക്കുന്ന ഏതൊരു ദൈവപൈതലിന്റെയും ജീവിതം തികച്ചും ഒരു പോർക്കളത്തിലാണ്. ഈ പോർക്കളത്തിൽ നമുക്കെതിരായി നിൽക്കുന്നത് ശത്രുസൈന്യമോ അന്ധകാരശക്തികളോ ആണെന്ന് മുകളിൽ പറഞ്ഞിരിക്കുന്ന വചനം വ്യക്തമാക്കുന്നു. എന്നാൽ ഈ ദുഷ്ടശക്തികൾക്ക് പോരാടണമെങ്കിൽ അതിനൊരു വാസസ്ഥലം വേണമല്ലോ. അതിനായി അവ ചില ജഡങ്ങളിൽ സ്വാധീനിച്ച് അവരിൽ പ്രവേശിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് പിശാചിന് ഇടം കൊടുക്കാതെ നമ്മെത്തന്നെ വിശുദ്ധിയിൽ സൂക്ഷിക്കുവാൻ നാം തയ്യാറാവണം.

നമുക്കെതിരായി കുടുംബത്തിലോ മറ്റു മേഖലകളിലോ ഉള്ള ശത്രുക്കളെ കണ്ട് ഭയപ്പെട്ട് തളരാതെ അവരിൽകൂടി പ്രവർത്തിക്കുന്ന ദുഷ്ടശക്തികളെ ശാസിച്ച് പ്രാർത്ഥിക്കുവാൻ ദൈവം നമുക്ക് അധികാരം നൽകിയിരിക്കുന്നു. ‘വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വയ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി’ എന്നു റോമർ 2:15ൽ നാം വായിക്കുന്നു. ഇപ്പോൾ നമ്മുടെ ശത്രുസൈന്യത്തിന് ആയുധമൊന്നുമില്ല എന്ന സത്യം നാം മറന്നു പോകരുത്. എന്നാൽ അവൻ ചില തന്ത്രങ്ങൾ മെനഞ്ഞുകൊണ്ട് നമ്മെ കബളിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ തന്ത്രങ്ങളെ ജയിക്കുവാൻ വേണ്ടിയാണ് കർത്താവ് നമുക്ക് സർവ്വായുധവർഗ്ഗം ധരിക്കുവാൻ തന്നിരിക്കുന്നത്.

സർവ്വായുധവർഗ്ഗം ഏവ എന്ന് എഫെസ്യർ 6–ാം അദ്ധ്യായത്തിൽ നാം വിശദമായി വായിക്കുന്നു. ഈ സർവ്വായുധവർഗ്ഗം ധരിച്ചു നിൽക്കുന്ന ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ ശത്രുവിന് ഒരിക്കലും ജയിക്കുവാൻ സാധ്യമല്ല. പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ച് പ്രാർത്ഥനയിൽ നാം അനുദിനവും പോരാടേണ്ടിയിരിക്കുന്നു. ഓരോ നിമിഷവും യേശുവിന്റെ രക്തത്തിന്റെ വിശുദ്ധീകരണം നമ്മുടെ ദേഹം, ദേഹി ആത്മാവിന് നാം നൽകേണ്ടത് അത്യാവശ്യമാകുന്നു. യേശുവിന്റെ രക്തത്താൽ ശുദ്ധീകരണം പ്രാപിച്ച ഒരു വ്യക്തിക്കാണ് ശത്രുവിന്റെ പോരിൽ ജയം നേടുവാൻ കഴിയുന്നത്.

'പിശാച് അലറുന്ന സിംഹംപോലെ ആരെ വിഴുങ്ങേണ്ടു എന്നു വച്ച് ചുറ്റിത്തിരിഞ്ഞു നടക്കുന്നു'വെന്ന് 1 പത്രൊസ് 5–ാം ആദ്ധ്യായത്തിൽ നാം കാണുന്നു. എങ്ങനെയെങ്കിലും ഒരു ദൈവപൈതലിന്റെ ആത്മീകസന്തോഷം തകർക്കണമെന്നതാണ് അവന്റെ ഉദ്ദേശം. അതുകൊണ്ട് വചനം പഠിപ്പിക്കുന്നതുപോലെ, 'ദൈവത്തോട് അടുത്തു ചെല്ലുവിൻ എന്നാൽ അവൻ(പിശാച്) നമ്മെ വിട്ടുപോകും'. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി. നമ്മുടെ കർത്താവിന്റെ ശുശ്രൂഷാവേളയിൽ ഭൂതബാധിതരെയും നിരവധി രോഗികളെയും ഒക്കെ സൗഖ്യമാക്കിയപ്പോൾ ആ അവസ്ഥയുടെ പുറകിൽ പ്രവർത്തിക്കുന്ന ദുഷ്ടശക്തിയെ അഥവാ ദുരാത്മാവിനെയാണ് യേശു ശാസിച്ച് പുറത്താക്കുന്നത് എന്ന് നമുക്ക് വ്യക്തമാകുന്നു.

അപ്രകാരം തന്നെ പ്രാർത്ഥനയാകുന്ന ആത്മീക യുദ്ധക്കളത്തിൽ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊണ്ട് ഒരു ധീരപോരാളിയായി നമുക്ക് മുന്നേറാം. ഈ യുദ്ധത്തിൽ നാം ഒറ്റക്കല്ല മറിച്ച് സ്വർഗ്ഗീയ സൈന്യം നമ്മോടുകൂടെയുണ്ട്. നല്ല പോർ പൊരുതി ജയം എടുക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ ഏവരെയും അഭ്യസിപ്പിക്കട്ടെ.

**പരാമർശം :**
**സങ്കീർത്തനങ്ങൾ 18:34**

അവൻ എന്റെ കൈകൾക്കു യുദ്ധാഭ്യാസം വരുത്തുന്നു; എന്റെ ഭുജങ്ങൾ താമ്രചാപം കുലെക്കുന്നു.

**സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 019**